©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2018 ആഗസ്റ്റ് 16<br>16th August 2018<br>1193 കർക്കടകം 31<br>31st Karkadakam 1193<br>1940 ശ്രാവണം 25<br>25th Sravana 1940 | നമ്പർ<br>No. 2169 |

## കേരള സർക്കാർ

### നിയമ (ഇ) വകുപ്പ്

### തിരുത്തൽ വിജ്ഞാപനം

സ.ഉ. (അച്ചടിച്ചത്) നമ്പർ 10/2018/നിയമം.

*തിരുവനന്തപുരം, 2018 ആഗസ്റ്റ് 14 / 1193 കർക്കടകം 29.*

2008 ഫെബ്രുവരി 29-ാം തീയതിയിലെ 1/2008/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2008 ഫെബ്രുവരി 29-ാം തീയതിയിലെ 423-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ,—

(i) 7-ാം ചട്ടത്തിന്റെ ശീർഷകത്തിൽ ''അധികാരിത'' എന്നത് "അധികാര പരിധി" എന്നു വായിക്കേണ്ടതാണ്;

(ii) ഫാറം I-ലെ 3-ാം ഉൾക്കുറിപ്പിനുതാഴെയുള്ള, പട്ടികയിൽ 'വിവരങ്ങൾ' എന്ന കോളത്തിനുതാഴെ (സി) ഇനത്തിലെ "ജനനത്തീയതി" എന്നത് "ജനന തീയതി" എന്നു വായിക്കേണ്ടതാണ്;

33/3184/2018/S-4.

(iii) ഫാറം III-ലെ 3-ാം ഉൾക്കുറിപ്പിനുതാഴെയുള്ള പട്ടികയിൽ "വിശദവിവരങ്ങൾ" എന്ന കോളത്തിനുതാഴെ (എഫ്) ഇനത്തിലെ "വിവാഹബന്ധം വേർപ്പെടുത്തിയ ആൾ" എന്നത് "വിവാഹബന്ധം വേർപെടുത്തിയ ആൾ" എന്നു വായിക്കേണ്ടതാണ്;

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008 ഫെബ്രുവരി 29-ാം തീയതിയിലെ 423-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 29-2-2008-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 1/2008/നിയമം നമ്പരായി പ്രസിദ്ധീകരിച്ച 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ കടന്നുകൂടിയ പിശകുകൾ തിരുത്തുന്നതിന് 13-ാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014) അതിന്റെ ഇരുപതാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. ആയതിനാൽ പ്രസ്തുത പിശകുകൾ തിരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.